ഉപജില്ലാ ആദാലത്ത് സമിതിയുടെ ഒരു യോഗം 28.03.2025 ന് പകൽ 11 മണിക്ക് ചെറുതാഴം ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്നു. പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.

<u>ഹാജർ</u>

1. സതീശൻ കെ വി ഐ വി ഒ & കൺവീനർ
2. ബിജു പി വി , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
3. നിധിൻ കുമാർ എസ് , ഡെപ്യൂട്ടി ടൌൺ പ്ലാനർ , കണ്ണൂർ (ഓൺലൈൻ)

<u>ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ</u>

1. അനിത സി ടി , അസിസ്റ്റന്റ് എഞ്ചിനീയർ . ചെറുതാഴം ഗ്രാമപഞ്ചായത്ത്
2. അനീഷ് പോൾ , സെക്രട്ടറി , ചെറുതാഴം ഗ്രാമപഞ്ചായത്ത്

<u>പരാതിക്കാർ</u>

1. ജാഫർ തവറൂൽ ചിറമ്മൽ
2. ജവാദ്

യോഗം രാവിലെ 11 മണിക്ക് ആരംഭിച്ചു.

1. അജണ്ട :– ചെറുതാഴം ഗ്രാമപഞ്ചായത്തിനെതിരെ ജാഫർ തവറൂൽ ചിറമ്മൽ എന്നവരുടെ പരാതി

<u>പരാതിയുടെ ഉള്ളടക്കം.</u>

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ കുളപ്പുറം എന്ന സ്ഥലത്ത് റൌളത്തുൽ മുഹബ്ബീൻ ട്രസ്റ്റിന്റെ കീഴിൽ 19 ഓളം ബിൽഡിങ്ങുകൾ നിർമ്മാണം ആരംഭിച്ചതും പണി പൂർത്തിയായി ചെറുതാഴം ഗ്രാമപഞ്ചായത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതാണെന്നും, പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറൊ പ്രസ്തുത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ ആന്വേഷണത്തിനായി പിടിച്ചെടുത്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അന്വേഷിച്ചപ്പോൾ ലേബർ സെസ്സ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ബന്ധപ്പെട്ട ഫയലുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് വിധേയമായി ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ പ്രസ്തുത ഫയലുകൾ വിജിലൻസ് ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ടെന്നും എന്നാൽ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ച് തങ്ങളുടെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നില്ല എന്നുമാണ് പരാതിക്കാരൻ ഉന്നയിക്കുന്നത്.

ശ്രീ.ജാഫർ തവറൂൽ ചിറമ്മൽ എന്നവർ 29.11.2023 തീയ്യതിയിൽ ഭൂവികസന പെർമിറ്റിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയത് പ്രകാരം 40 രേഖകളിലായി 12 ഏക്കർ സ്ഥലത്ത് ഭൂവികസനം നടത്തുന്നതിനുള്ള അനുമതിക്കാണ് അപേക്ഷിച്ചിട്ടുള്ളത് എന്നും സ്ഥലത്ത് അന്വേഷണം നടത്തിയതിൽ ചെറുതും വലുതുമായ 10 ഓളം കെട്ടിടങ്ങൾ പ്ലോട്ടിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആയിരുന്നുവെന്നും പ്ലോട്ടിന്റെ സ്വാഭാവിക നീരൊഴുക്ക് മണ്ണിട്ട് തടസ്സപ്പെടുത്തിയിട്ടുണ്ടെന്നും Layout ൽ ഉൾപ്പെട്ട എല്ലാ തെരുവിനും 7 മീറ്റർ വീതി

പാലിച്ചിട്ടില്ലെന്നും തുടങ്ങിയ അപാകതകൾ ചൂണ്ടിക്കാണിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് പുനർസമർപ്പിച്ചപ്പോൾ ഭൂവികസനത്തിന് ജില്ലാ ടൌൺ പ്ലാനറുടെ അനുമതി ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു.

മേൽ പ്രകാരം ജില്ലാ ടൌൺ പ്ലാനറിൽ നിന്ന് അംഗീകാരം ആവശ്യമായ ഭൂവികസന പെർമിറ്റിന് അപേക്ഷിച്ച ഭൂമിയിൽ ആണ് പ്രസ്തുത അപേക്ഷയിൽ തീർപ്പാക്കുന്നതിന് മുമ്പായി അപേക്ഷകൻ അതേ പ്ലോട്ടിൽ തന്നെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് ഒക്യുപ്പെൻസി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ 2019 ലെ KPBR ചട്ടം 3 (1) (d) proviso പ്രകാരം സൈറ്റും നിലവിലുള്ള കെട്ടിടവും അംഗീകൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിടമോ , കൂട്ടിച്ചേർക്കലോ , വിപുലീകരണമോ അനുവദിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി അറിയിച്ചു.

<u>തീരുമാനം</u>

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ചെറുതാഴം വില്ലേജിൽ ഉൾപ്പെട്ട റീ.സ നമ്പർ 643/348 , 653/215 , 652/102 , 653/222 , 653/214 തുടങ്ങിയ സ്ഥലത്ത് ഉൾപ്പെട്ട 12 ഏക്കർ സ്ഥലം ഭൂവികസന പെർമിറ്റിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷയിൽ 2019 ലെ KPBR ചട്ടം 31 (XII) പ്രാകാരം ജില്ലാ ടൌൺ പ്ലാനറുടെ അനുമതി ആവശ്യമുള്ളതാണ്. എന്നാൽ പ്രസ്തുത അപേക്ഷ പ്രകാരം ജില്ലാ ടൌൺ പ്ലാനറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. അംഗീകാരം ലഭിക്കാത്ത പ്രസ്തുത ഭൂവികസന പെർമിറ്റ് അപേക്ഷയിൽ ഉൾപ്പെട്ട സ്ഥലത്താണ് നിർമ്മാണങ്ങൾ പൂർത്തീകരിച്ച് ഒക്യുപ്പെൻസി ലഭിക്കുന്നതിന് മറ്റൊരു അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുകയും കെട്ടിടനിർമ്മാണ ക്ഷേമനിധി സെസ്സ് ഒടുക്കുന്നതിന് അപേക്ഷകനോട് ആവശ്യപ്പെട്ടതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. ചട്ടം 31 (XII) പ്രകാരം ജില്ലാ ടൌൺ പ്ലാനറിൽ നിന്നുള്ള അനുമതി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്ലോട്ടിലുള്ള കെട്ടിട നിർമ്മാണവും കെട്ടിടവും അംഗീകൃതമാണെന്ന് അനുമാനിക്കാവുന്നതല്ല. ആയതിനാൽ ചട്ടം 3 (1) (d) proviso പ്രകാരം പുതിയ കെട്ടിട നിർമ്മാണമോ വിപുലീകരണമോ കൂട്ടിച്ചേർക്കലോ അനുവദനീയമല്ല. എന്നാൽ ഫയൽ 4690/2023 നോട്ട് പ്രകാരം അപേക്ഷകന് ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റിനുള്ള അപേക്ഷ (ഫയൽ നമ്പർ. 6253/2023) തീർപ്പാക്കുന്ന മുറക്ക് മാത്രമേ ഈ അപേക്ഷ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നും ഫയലിൽ അപാകതകൾ നിലനിൽക്കുന്നു എന്നുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ കുറിപ്പ് പരിഗണിക്കാതെ 30.04.2024 തീയ്യതിയിൽ സെക്രട്ടറി 1495.34 ച.മീ വിസ്തീർണ്ണമുള്ള പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ ക്രമവൽക്കരണത്തിന് അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ പരാതി ജില്ലാ ആദാലത്ത് സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.30 PM ന് അവസാനിച്ചു.